# التوبة وأحكامها

(باللغة المليبارية)

فضيلة الشيخ/ محمد بن صالح العثيمين رحمه الله

*തെറ്റുചെയ്യാത്ത മനുഷ്യരുണ്ടാവില്ല. എന്നാൽ, ആ തെറ്റുകളിൽ അള്ളിപ്പിടിച്ചുനിൽക്കാതെ, അല്ലാഹുവിലേക്ക് ആത്മാർത്ഥമായി ഖേദിച്ചു മടങ്ങുന്നവരാണ് ഉത്തമന്മാർ.*

*എന്നാൽ, പശ്ചാത്താപം അല്ലാഹുവിങ്കൽ അംഗീകരിക്കപ്പെടാൻ ചില ഉപാധികളുണ്ട്. ആ ഉപാധികളെന്തെല്ലാമാണെന്ന് അനിവാര്യമായും നാം മനസ്സിലാക്കിയിരിക്കേണ്ടതുണ്ട്. എന്താണ് തൗബയെ(പശ്ചാത്താപമെ)ന്നും അതിന്റെ ഉപാധികളെക്കുറിച്ചും സംക്ഷിപ്തമായി മനസ്സിലാക്കിത്തരുന്ന ഒരു ലഘുകൃതി.*

## തൗബ

അല്ലാഹുവിനോടുള്ള ധിക്കാരത്തിൽ നിന്ന് അവനെ അനുസരിക്കുന്നതിലേക്ക് മടങ്ങുന്നതിന്നാണ് *തൗബ* എന്ന് പറയുന്നത്.

അല്ലാഹുവിന്ന് ഇഷ്ടമുള്ള കാര്യമാണ് തൗബ. അല്ലാഹു പറയുന്നു:

﴿ إن الله يحب التوابين ويحب المتطهرين ﴾

*"നിശ്ചയം, അല്ലാഹു പശ്ചാതപിക്കുന്നവരെ ഇഷ്ടപ്പെടുന്നു. ശുചിത്വം പാലിക്കുന്നവരേയും ഇഷ്ടപ്പെടുന്നു."*

*(വി.ഖു. 2/222)*

തൗബ എന്നത് ഓരോ സത്യവിശ്വാസിയുടേയും ബാധ്യതയാണ്. അല്ലാഹു പറയുന്നു:

﴿ يا أيها الذين آمنوا توبوا إلى الله توبة نصوحا ﴾

*"സത്യവിശ്വാസികളേ നിങ്ങൾ അല്ലാഹുവിങ്കലേക്ക് നി*

ഷ്കളങ്കമായ പശ്ചാത്താപം കൈകൊണ്ട് മടങ്ങുക.''

(വി.ഖു. 66/8)

വിജയം നേടാനുള്ള ഉപാധികളിലൊന്നാണ് തൗബ.

﴿ وتوبوا إلى الله جميعا أيها المؤمنون لعلكم تفلحون ﴾

*"സത്യവിശ്വാസികളേ നിങ്ങളെല്ലാവരും അല്ലാഹുവിലേക്ക് ഖേദിച്ചുമടങ്ങുക. നിങ്ങൾ വിജയം പ്രാപിച്ചേക്കാം.''*

(വി.ഖു. 24/31)

തന്റെ ലക്ഷ്യം നേടുകയും ഭയപ്പെടുന്ന കാര്യത്തിൽ നിന്ന് രക്ഷപ്പെടുകയും ചെയ്യുന്നതിന്നാണ് വിജയം എന്ന് പറയുന്നത്.

പാപങ്ങളെത്ര വലുതും എത്ര കൂടുതലുമാണെങ്കിലും *നസ്വൂഹായ തൗബ* കൊണ്ട് അല്ലാഹു അവയെല്ലാം പൊറുക്കുന്നതാണ്.

അല്ലാഹു പറയുന്നു:

﴿ قل يا عبادي الذين أسرفوا على أنفسهم لا تقنطوا من رحمة الله إن الله يغفر الذنوب جميعا إنه هو الغفور الرحيم ﴾

*"പറയുക: സ്വന്തം ആത്മാക്കളോട് അതിക്രമം പ്രവർത്തിച്ചുപോയ എന്റെ ദാസന്മാരേ, അല്ലാഹുവിന്റെ കാരുണ്യത്തെപ്പറ്റി നിങ്ങൾ നിരാശരാകരുത്. തീർച്ചയായും, അല്ലാഹു പാപങ്ങളെല്ലാം പൊറുക്കുന്നതാണ്. തീർച്ചയായും അവൻ തന്നെയാകുന്നു ഏറെ പൊറുക്കുവനും കരുണാനിധിയും.''*



(വി.ഖു. 39/53)

പാപിയായ സഹോദരാ, നിന്റെ രക്ഷിതാവിന്റെ കാരുണ്യത്തിൽ നിന്ന് നീ ഒരിക്കലും നിരാശനാകരുത്. സൂര്യൻ പടിഞ്ഞാർ ഭാഗത്തുനിന്ന് ഉദിക്കുന്നത് വരെ തൗബയുടെ കവാടം തുറന്നുകിടക്കുന്നതാണ്. നബി(സ്വ) ഇങ്ങനെ പറയുകയുണ്ടായി:

(( إن الله تعالى يبسط يده بالليل ليتوب مسيء النهار ، ويبسط يده بالنهار ليتوب مسيء الليل حتى تطلع الشمس من مغربها ))

*"പകൽ തെറ്റുചെയ്തവന്റെ പശ്ചാത്താപം സ്വീകരിക്കാനായി, അല്ലാഹു രാത്രി തന്റെ കൈകൾ നീട്ടുന്നു. രാത്രി തെറ്റു ചെയ്തവന്റെ പശ്ചാത്താപം സ്വീകരിക്കാനായി, പകൽ അവൻ കൈനീട്ടുന്നു. സൂര്യൻ പടിഞ്ഞാറുനിന്ന് ഉദയം ചെയ്യുന്നതുവരെ.''* (മുസ്‌ലിം.)

ധാരാളം വലിയവലിയ പാപങ്ങൾ ചെയ്ത എത്രയെത്ര ആളുകളുടെ പശ്ചാത്താപമാണ് അല്ലാഹു സ്വീകരിച്ചിട്ടുള്ളത്. അല്ലാഹു പറയുന്നു:

﴿ والذين لا يدعون مع الله إلها آخر ولا يقتلون النفس التي حرم الله إلا بالحق ولا يزنون ومن يفعل ذلك يلق أثاما . يضاعف له العذاب يوم القيامة ويخلد فيه مهانا . إلا من تاب وآمن وعمل عملا صالحا فأولئك

يبدل الله سيئاتهم حسنات، وكان الله غفورا رحيما ﴾

*“അല്ലാഹുവോടൊപ്പം വേറെയൊരു ദൈവത്തേയും വിളിച്ചുപ്രാർത്ഥിക്കാത്തവരും അല്ലാഹു പവിത്രമാക്കിവെച്ചിട്ടുള്ള ജീവനെ ന്യായമായ കാരണത്താലല്ലാതെ ഹനിച്ചുകളയാത്തവരും വ്യഭിചരിക്കാത്തവരുമാകുന്നു അവർ. ആ കാര്യങ്ങൾ വല്ലവനും ചെയ്യുന്ന പക്ഷം അവൻ പാപഫലം കണ്ടെത്തുക തന്നെ ചെയ്യും. ഉയിർത്തെഴുന്നേൽപിന്റെ നാളിൽ അവന്ന് ശിക്ഷ ഇരട്ടിയാക്കപ്പെടുകയും നിന്ദ്യനായിക്കൊണ്ട് അവൻ അതിൽ എന്നെന്നും കഴിച്ചുകൂട്ടുകയും ചെയ്യും. പശ്ചാതപിക്കുകയും വിശ്വസിക്കുകയും സൽകർമ്മം പ്രവർത്തിക്കുകയും ചെയ്തവരൊഴികെ. അത്തരക്കാർക്ക് അല്ലാഹു തങ്ങളുടെ തിന്മകൾക്ക് പകരം നന്മകൾ മാറ്റികൊടുക്കുന്നതാണ്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമായിരിക്കുന്നു.”*

*(വി.ഖു. 25/68-70)*

**അ**ഞ്ച് ഉപാധികൾ പൂർണമായാൽ മാത്രമേ അത് *നസ്വൂഹായ തൗബയാകൂ.*

1. അല്ലാഹുവിന്റെ പ്രീതിയും പ്രതിഫലവും അവന്റെ ശിക്ഷയിൽ നിന്നുള്ള മോചനവും ഉദ്ദേശിച്ചുകൊണ്ട് നിഷ്കളങ്കമായി നിർവ്വഹിക്കപ്പെടണം അത്.

2. ചെയ്തുപോയ പാപത്തെപ്പറ്റി ദു:ഖിക്കുകയും അത് ചെയ്തില്ലായിരുന്നെങ്കിൽ എത്ര നന്നായേനെ എന്ന് കൊതിക്കുകയും വേണം. അത്തരത്തിൽ അവന്ന് ഖേദം തോന്നണം.



3. പാപത്തിൽ നിന്ന് താമസംവിനാ, തന്നെ പറിച്ചെടുക്കുക. താൻ ചെയ്തിട്ടുള്ളത്, അല്ലാഹുവിനോട് ബന്ധപ്പെട്ട ഹറാമായ ഒരു കാര്യമാണെങ്കിൽ ആ കാര്യം ഉപേക്ഷിക്കുകയും അല്ലാഹു നിർബന്ധമാക്കിയ ഒരുകാര്യം ചെയ്യാതെവിട്ടതാണെങ്കിൽ വേഗത്തിൽ അത് ചെയ്ത് തീർക്കുകയും വേണം. സൃഷ്ടികളുടെ അവകാശങ്ങളുമായി ബന്ധപ്പെട്ട കാര്യമാണെങ്കിൽ അത് അവർക്ക് മടക്കിക്കൊടുക്കുകയോ അവരോട് ക്ഷമാപണം നടത്തുകയോ വേണം. അങ്ങനെ ആ ബാധ്യതയിൽ നിന്ന് അവൻ വളരെ വേഗം ഒഴിവാകണം.

4. ഭാവിയിൽ അത്തരത്തിലുള്ള തെറ്റിലേക്ക് മടങ്ങിപ്പോവുകയില്ലെന്ന് ദൃഢനിശ്ചയം ചെയ്യണം.

5. തൗബ ചെയ്യുന്നത്, അത് സ്വീകരിക്കപ്പെടുന്ന സമയം കഴിയും മുമ്പായിരിക്കണം. മരണം ആസന്നമാവുകയോ സൂര്യൻ പടിഞ്ഞാർ ഭാഗത്തുനിന്ന് ഉദിക്കുകയോ ചെയ്താൽ തൗബ സ്വീകരിക്കപ്പെടുന്നതല്ല.

അല്ലാഹു പറയുന്നത് കാണുക:

﴿ وليست التوبة للذين يعملون السيئات حتى إذا حضر أحدهم الموت قال إني تبت الآن ﴾

*“പശ്ചാതാപം എന്നത് തെറ്റുകൾ ചെയ്തുകൊണ്ടിരിക്കുകയും എന്നിട്ട് മരണം ആസന്നമാകുമ്പോൾ ഞാനിതാ പശ്ചാതപിച്ചിരിക്കുന്നു എന്ന് പറയുകയും ചെയ്യുന്നവർക്കുള്ളതല്ല....”* *(വി.ഖു. 4/18)*

നബി(സ്വ) പറയുന്നു:

(( من تاب قبل أن تطلع الشمس من مغربها تاب الله عليه ))

*"ആരെങ്കിലും പടിഞ്ഞാർ ഭാഗത്തുനിന്ന് സൂര്യൻ ഉദിക്കുന്നതിന് മുമ്പ് തൗബചെയ്താൽ അവന്റെ തൗബ അല്ലാഹു സ്വീകരിക്കുന്നതാണ്."*

*(മുസ്ലിം.)*

അല്ലാഹുവേ നസ്വൂഹായ തൗബ ചെയ്യാൻ ഞങ്ങൾക്ക് നീ തൗഫീഖ് ചെയ്യേണമേ. അത് ഞങ്ങളിൽ നിന്ന് നീ സ്വീകരിക്കേണമേ. നിശ്ചയം, നീയാണല്ലോ എല്ലാം കേൾക്കുന്നവനും അറിയുന്നവനും.

ഹി. 17/4/1406



## (ചോദ്യോത്തരങ്ങൾ.)

***1. ഞാനൊരു യുവാവാണ്. കഴിഞ്ഞ കാലത്ത് ഞാൻ നമസ്കാരത്തിന്റേയോ ദീനിന്റേയോ കാര്യങ്ങളിൽ അത്ര ശ്രദ്ധ പുലർത്താറുണ്ടായിരുന്നില്ല. നമസ്കരിക്കാതെ ദിവസങ്ങളും ആഴ്ചകളും കടന്നുപോവാറുണ്ടായിരുന്നു. എന്നാൽ, എന്റെ ഒരു സുഹൃത്ത് മുഖേനെ അല്ലാഹു എനിക്ക് ഹിദായത്ത് തന്നു. ഇന്ന് ഞാൻ നമസ്കാരത്തിൽ കൃത്യനിഷ്ഠയുള്ളവനാണ്. അല്ലാഹുവിനോടുള്ള ബാധ്യതകൾ നിറവേറ്റുന്നവനാണ്. നമസ്കാരത്തിന്റെ കാര്യത്തിൽ കഴിഞ്ഞ കാലത്ത് ഞാൻ വീഴ്ച വരുത്തിയതിനെക്കുറിച്ച മതവിധിയെന്താണ്?***

ഉ. അല്ലാഹു നിനക്ക് ചൊരിഞ്ഞുതന്ന അനുഗ്രഹത്തിന് നീ അല്ലാഹുവിന് നന്ദി പ്രകാശിപ്പിക്കുക. അവൻ നിനക്ക് തൗബക്ക് അവസരം നൽകിയതിൽ നീ അവനെ സ്തുതിക്കുക. നീ ഒന്നും ഖദാ വീട്ടേണ്ടതില്ല. കാരണം, നബി(സ്വ) പറഞ്ഞതുപോലെ, *തൗബ, അതിന് മുമ്പുള്ള എല്ലാ പാപങ്ങളേയും മായ്ച്ചുകളയുന്നതാണ്.*

അതിനാൽ, നീ സത്യസന്ധമായ രീതിയിൽ തൗബ ചെ



Generated by CamScanner from intsig.com

ശ്ശുക. ആ തൗബ നീ കാത്തുസൂക്ഷിക്കുക. നേരെ ചൊവ്വെ നിലകൊള്ളുക. തൗഫീഖിന്നും ഹിദായത്തിനുംവേണ്ടി നീ അല്ലാഹുവിനോട് ചോദിക്കുക. ധാരാളം സൽക്കർമ്മങ്ങൾ ചെയ്തുകൊണ്ടിരിക്കുക. എന്നാൽ നന്മകൊണ്ട് നിനക്ക് സന്തോഷിക്കാം. കഴിഞ്ഞ കാലത്തെ ചെയ്തികൾ നസ്വൂഹായ തൗബ കൊണ്ട് മായ്ക്കപ്പെടുന്നതാണ്. കഴിഞ്ഞ തെറ്റുകളെക്കുറിച്ച് ഖേദിക്കുക. പാപങ്ങളിൽ നിന്ന് സ്വന്തത്തെ പറിച്ചെടുക്കുക, വീണ്ടും അതിലേക്ക് മടങ്ങുകയില്ലെന്ന് ദൃഢനിശ്ചയം ചെയ്യുക....എന്നീ കാര്യങ്ങളടങ്ങിയതാണ് നസ്വൂഹായ തൗബ. അതാണ് നിന്റെ കടമ. അൽഹംദുലില്ലാഹ്.

*2. അല്ലാഹുവിന്റെ ശാപത്തിന് പാത്രമായിത്തീരാവുന്ന ചില വൻപാപങ്ങൾ തന്റെ യുവത്വ കാലത്ത് ചെയ്തിട്ടുള്ള ഒരാൾ ഇപ്പോൾ പശ്ചാതപിച്ചിരിക്കയാണ്. അവന്ന് പല കാര്യങ്ങളും ചോദിച്ചറിയേണ്ടതുണ്ട്.*

- തന്റെ കുറ്റത്തിന്റെ അനന്തര ഫലം കുറച്ചുകാലത്തിന് ശേഷമാണെങ്കിലും തന്നെ ബാധിക്കുമോ എന്ന് അവൻ ഭയപ്പെടുന്നുണ്ട്.
- അത് അവന്റെ തൗബയേയും അതിൽ ഉറച്ചുനിൽക്കുന്നതിനേയും സ്വാധീനിക്കുമോ എന്നും അവൻ ഭയപ്പെടുന്നു.
- തൗബ ചെയ്താൽപോലും ആ കുറ്റത്തിന്റെ പേരിൽ അവൻ വിചാരണ ചെയ്യപ്പെടുമോ എന്ന്.



- പാപം സംഭവിക്കുന്ന സമയത്തു തന്നെ അവന്ന് ശാപവും സംഭവിക്കുമോ എന്ന്.
- ശിക്ഷയുടെ (ഗൗരവ)ത്തെക്കുറിച്ച് അറിവില്ലാതെ അത്തരം കാര്യങ്ങൾ ചെയ്ത ഒരാൾക്ക്- രഹസ്യമായിട്ടാണത് ചെയ്തത്- പാപത്തിന്റെ ഗൗരവത്തെക്കുറിച്ച് അറിവില്ലായിരുന്നുവെന്ന കാരണത്താൽ അവന്ന് മാപ്പ് നൽകപ്പെടുമോ?

ഉ. ചോദ്യകർത്താവും മറ്റുള്ളവരുമൊക്കെ അനിവാര്യമായി മനസ്സിലാക്കിയിരിക്കേണ്ട ഒരു കാര്യമുണ്ട്. എത്ര വലിയ പാപമാണെങ്കിലും പാപംചെയ്തവൻ തൗബചെയ്താൽ അവന്റെ തൗബ അല്ലാഹു സ്വീകരിക്കും. അല്ലാഹു പറയുന്നു:

﴿ قل يا عبادي الذين أسرفوا على أنفسهم لا تقنطوا من رحمة الله إن الله يغفر الذنوب جميعا، إنه هو الغفور الرحيم ﴾

"പറയുക: സ്വന്തം ആത്മാക്കളോട് അതിക്രമം പ്രവർത്തിച്ചുപോയ എന്റെ ദാസന്മാരേ, അല്ലാഹുവിന്റെ കാരുണ്യത്തപ്പറ്റി നിങ്ങൾ നിരാശരാകരുത്. തീർച്ചയായും അല്ലാഹു പാപങ്ങളെല്ലാം പൊറുക്കുന്നതാണ്. തീർച്ചയായും അവൻ തന്നെയാകുന്നു ഏറെ പൊറുക്കുവനും കരുണാനിധിയും."

(വി.ഖു. 39/53)

തൗബ ചെയ്യുന്നവർക്കാണിത് കിട്ടുക.

മറ്റൊരിടത്ത് അല്ലാഹു പറയുന്നത് കാണുക:

﴿ والذين لا يدعون مع الله إلها آخر ولا يقتلون النفس التى حرم الله إلا بالحق ولا يزنون ومن يفعل ذلك يلق أثاما. يضاعف له العذاب يوم القيامة ويخلد فيه مهانا. إلا من تاب وآمن وعمل عملا صالحا فأولئك يبدل الله سيئاتهم حسنات، وكان الله غفورا رحيما ﴾

*"അല്ലാഹുവോടൊപ്പം വേറെയൊരു ദൈവത്തെയും വിളിച്ചു പ്രാർത്ഥിക്കാത്തവരും അല്ലാഹു പവിത്രമാക്കിവെച്ചിട്ടുള്ള ജീവനെ ന്യായമായ കാരണത്താലല്ലാതെ ഹനിച്ചുകളയാത്തവരും വ്യഭിചരിക്കാത്തവരുമാകുന്നു അവർ. ആ കാര്യങ്ങൾ വല്ലവനും ചെയ്യുന്ന പക്ഷം അവൻ പാപഫലം കണ്ടെത്തുക തന്നെ ചെയ്യും. ഉയിർത്തെഴുന്നേൽപിന്റെ നാളിൽ അവന് ശിക്ഷ ഇരട്ടിയാക്കപ്പെടുകയും നിന്ദ്യനായിക്കൊണ്ട് അവൻ അതിൽ എന്നെന്നും കഴിച്ചുകൂട്ടുകയും ചെയ്യും. പശ്ചാത്തപിക്കുകയും വിശ്വസിക്കുകയും സൽകർമ്മം പ്രവർത്തിക്കുകയും ചെയ്തവരൊഴികെ. അത്തരക്കാർക്ക് അല്ലാഹു തങ്ങളുടെ തിന്മകൾക്ക് പകരം നന്മകൾ മാറ്റിക്കൊടുക്കുന്നതാണ്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമായിരിക്കുന്നു."*

*(വി.ഖു. 25/68-70)*

തൗബ അതിന്ന് മുമ്പുള്ള പാപങ്ങളെ തകർത്തുകളയുമെന്ന് നബി(സ്വ) പ്രസ്താവിച്ചതായി സ്ഥിരപ്പെട്ടിട്ടുണ്ട്. തൊണ്ണൂറ്റിയൊമ്പത് പേരെ കൊലചെയ്ത, പൂർവ്വ സമുദായത്തിൽ പെട്ട ഒരാളുടെ സംഭവമുണ്ട്. അയാൾ ഒരു ധ്യാനിയെ സമീപിച്ച് തനിക്ക് തൗബയുണ്ടോ എന്നന്വേഷിച്ചു. അപ്പോൾ അയാൾ പറഞ്ഞു: 'നിനക്ക് തൗബയുള്ളതായി എനിക്കറിയില്ല.'

ഇതുകേട്ടപ്പോൾ അവൻ ആ ധ്യാനിയേയും കൂടി കൊലചെയ്ത് നൂറെണ്ണം പൂർത്തിയാക്കി. പിന്നീടവൻ ഒരു പണ്ഡിതനെ അന്വേഷിച്ചു കണ്ടെത്തി 'തനിക്ക് തൗബയുണ്ടോ' എന്നന്വേഷിച്ചു.

അപ്പോൾ ആ പണ്ഡിതൻ പറഞ്ഞു: 'തൗബയിൽ നിന്ന് നിന്നെ തടയുന്നതാരാണ്? നീ ഇന്നാലിന്ന നാട്ടിലേക്ക് പലായനം ചെയ്യുക. അവിടെയുള്ളവർ സജ്ജനങ്ങളാണ്.'

അങ്ങനെ അയാൾ അങ്ങോട്ട് പുറപ്പെട്ടു. വഴിയിൽ വെച്ച് അയാൾക്ക് മരണമാസന്നമായി. അപ്പോൾ അയാളുടെ ആത്മാവ് പിടിക്കുന്ന കാര്യത്തിൽ കാരുണ്യത്തിന്റെ മലക്കുകളും ശിക്ഷയുടെ മലക്കുകളും തമ്മിൽ തർക്കമായി. അപ്പോൾ അവർക്കിടയിൽ തീർപ്പുകൽപിക്കാനായി അല്ലാഹു ഒരു മലക്കിനെ നിയോഗിച്ചു. ആ മലക്ക് പറഞ്ഞു: 'നിങ്ങൾ അയാൾ പുറപ്പെട്ട നാട്ടിൽനിന്ന് അയാൾക്കെത്തിച്ചേരാനുള്ള നാട്ടിലേക്കുള്ള ദൂരം അളന്നുനോക്കുക. എന്നിട്ട് ഏത് നാട്ടിലേക്കാണ് അയാൾ അടുത്തുനിൽക്കുന്നതെന്ന് നോക്കുക.' അങ്ങനെ അവർ അളന്നുനോക്കിയപ്പോൾ സജ്ജനങ്ങളുടെ നാട്ടിലേക്കാണ് അവൻ കൂടുതൽ അടുത്തുനിൽക്കുന്നത് എന്ന് അവർ കണ്ടെത്തി. അങ്ങനെ കാരുണ്യത്തിന്റെ മലക്കുകൾ അവന്റെ ആത്മാവ് പിടിക്കുകയുണ്ടായി.

അല്ലാഹുവിന്റെ ശാപം കിട്ടാൻ കാരണമാവുന്ന കുറ്റങ്ങൾ ചെയ്ത് പിന്നീട് പശ്ചാത്തപിച്ചിട്ടുള്ള, ചോദ്യകർത്താവ് സൂചിപ്പിച്ച മനുഷ്യനോട് എനിക്ക് പറയാനുള്ളത് നീ സന്തോ

Generated by CamScanner from intsig.com

ഷിക്കണമെന്നാണ്. കാരണം, നിന്നിൽനിന്ന് നസ്വൂഹായ തൗബ ഉണ്ടായതായി അല്ലാഹു മനസ്സിലാക്കിയാൽ തീർച്ചയായും നിന്റെ തൗബ അല്ലാഹു സ്വീകരിക്കുക തന്നെ ചെയ്യും. അല്ലാഹു പറയുന്നത് കാണുക:

﴿ إنما التوبة على الله للذين يعملون السوء بجهالة، ثم يتوبون من قريب فأولئك يتوب الله عليهم ﴾

ഇവിടെ ثم يتوبون من قريب (പിന്നെ ഉടനെത്തന്നെ പശ്ചാത്തപിക്കുകയും ചെയ്യുന്ന) എന്ന് പറഞ്ഞതിന് മരണത്തിന് മുമ്പ് പശ്ചാത്തപിക്കുകയെന്നാണർത്ഥം. അതിന്നുള്ള തെളിവ് തൊട്ടടുത്ത വചനം തന്നെയാണ്.

﴿وليست التوبة للذين يعملون السيئات حتى إذا حضر أحدهم الموت قال إني تبت الآن ..﴾

*"പശ്ചാത്താപം എന്നത് തെറ്റുകൾ ചെയ്തുകൊണ്ടിരിക്കുകയും എന്നിട്ട് മരണം ആസന്നമാകുമ്പോൾ ഞാനിതാ പശ്ചാത്തപിച്ചിരിക്കുന്നു എന്ന് പറയുകയും ചെയ്യുന്നവർക്കുള്ളതല്ല..."* *(വി.ഖു. 4/18)*

അതിനാൽ, അവൻ തന്റെ തൗബയിൽ തന്നെ ഉറച്ചുനിൽക്കുകയും അതിൽ തന്നെ തുടരുകയും ചെയ്യട്ടെ. അവന്റെ തൗബ സ്വീകരിക്കപ്പെടുകയില്ലെന്നും അവൻ തന്റെ പാപത്തിന്റെ പേരിൽ ശിക്ഷയനുഭവിക്കേണ്ടിവരുമെന്നും മറ്റും പിശാച് അവനിൽ വസ്‌വാസ് ഉണ്ടാക്കാതിരിക്കട്ടെ.



എന്നാൽ, മനുഷ്യന്റെ അവകാശങ്ങളുമായി ബന്ധപ്പെട്ട കുറ്റത്തിൽ നിന്ന് പശ്ചാത്തപിക്കുന്നവൻ ആ അവകാശങ്ങൾ അതിന്റെ ആളുകൾക്ക് അവൻ കൊടുത്തുവീട്ടുകയോ അവരോട് തനിക്ക് വിട്ടുതരാൻ വേണ്ടി ആവശ്യപ്പെടുകയോ വേണം. അവന് അതിന്റെ ഉടമയെയോ അയാളുടെ അനന്തിരാവകാശികളെയോ സംബന്ധിച്ച് അറിയില്ലെങ്കിൽ, അവർ മരിച്ചുപോയതാണെങ്കിൽ അവരുടെ പേരിൽ അവൻ ആ സ്വത്ത് സ്വദഖ ചെയ്ത് അതിൽ നിന്ന് മുക്തനാവണം.

ഉദാഹരണത്തിന്, ഒരാൾ മറ്റൊരാളുടെ ധനം അപഹരിക്കുകയും പിന്നീട് തൗബ ചെയ്യുകയുമാണെങ്കിൽ അവൻ ആ അപഹരിച്ച ധനം നിർബ്ബന്ധമായും- അതിന്റെ ഉടമ ജീവിച്ചിരിപ്പുണ്ടെങ്കിൽ അയാൾക്ക് ഇല്ലെങ്കിൽ അയാളുടെ അനന്തിരാവകാശികൾക്ക്- തിരിച്ചുനൽകണം. അതിന്റെ ഉടമയെക്കുറിച്ച് അയാൾക്കറിവില്ലാതിരിക്കുകയോ അയാളെക്കുറിച്ച് മറന്നുപോവുകയോ ആണെങ്കിൽ, ആരിൽ നിന്നാണോ അവൻ ധനം അപഹരിച്ചത് ആ വ്യക്തിക്കു വേണ്ടി പ്രസ്തുത ധനം അവൻ സ്വദഖ ചെയ്യണം. ഈ ധനം അവകാശപ്പെട്ടവന്ന് വേണ്ടി ഞാൻ സ്വദഖ ചെയ്യുന്നു എന്ന് അവന്ന് മനസ്സിൽ കരുതാം. ഒരുപക്ഷെ, അതിന്റെ യഥാർഥ ഉടമ മരിച്ചുപോവുകയും ആ ധനത്തിന്റെ ഉടമസ്ഥത അനന്തിരാവകാശികളിലേക്ക് നീങ്ങുകയും ചെയ്തിരിക്കാം. അതെല്ലാം അല്ലാഹുവിന്നറിയാം. അവൻ അത് അതിന്റെ അവകാശിക്ക് എത്തിച്ചുകൊടുക്കുകയും ചെയ്യും.

തന്റെ തൗബയെ അത് സ്വാധീനിക്കുമോയെന്ന് ഭയപ്പെടേണ്ടതില്ല. കാരണം, മുമ്പ് ചെയ്ത മുഴുവൻ പാപങ്ങളേയും

തൗബ തകർത്തുകളയും. പിന്നീട് അതിന് യാതൊരു വിധ സ്വാധീനവും ഉണ്ടാവില്ല. മനുഷ്യൻ തന്റെ തൗബക്കുശേഷം മുമ്പുള്ളതിനേക്കാൾ ഉത്തമനായി മാറാമല്ലോ. കാരണം, തൗബയിലൂടെ അവൻ അല്ലാഹുവിലേക്ക് അടുത്തുവരികയും അല്ലാഹുവിനെക്കുറിച്ച് അവനിൽ ഭയമുണ്ടാവുകയും ചെയ്താൽ ഒരുപക്ഷേ, അവന്റെ മാനസികമായ അവസ്ഥകളിലും ശാരീരിക കർമ്മങ്ങളിലും ആദ്യത്തേതിനേക്കാൾ ഉയർന്ന നിലവാരത്തിലേക്ക് അവനെ ഉയർത്തുന്ന കാര്യങ്ങളുണ്ടായേക്കാം. ആദം നബിയെക്കുറിച്ച് അല്ലാഹു പറഞ്ഞത് കാണുന്നില്ലേ?

﴿وعصى آدم ربه فغوى، ثم اجتباه ربه فتاب عليه وهدى﴾

*ആദം തന്റെ രക്ഷിതാവിനോട് അനുസരണക്കേട് കാണിക്കുകയും അങ്ങനെ പിഴച്ചുപോവുകയും ചെയ്തു. അനന്തരം അദ്ദേഹത്തിന്റെ രക്ഷിതാവ് അദ്ദേഹത്തെ ഉൽകൃഷ്ടനായി തെരഞ്ഞെടുക്കുകയും അദ്ദേഹത്തിന്റെ പശ്ചാതാപം സ്വീകരിക്കുകയും മാർഗദർശനം നൽകുകയും ചെയ്തു.*

*(വി.ഖു. 20/121,122)*

ഇനി, പാപം സംഭവിക്കുന്ന സമയത്ത് ശാപം സംഭവിക്കുമോ എന്ന ചോദ്യത്തെപ്പറ്റി പറയാം.

പാപം സംഭവിക്കുന്ന സമയത്ത് ചിലപ്പോൾ ശാപം സംഭവിക്കാം. ചിലപ്പോൾ, അല്ലാഹുവിന്റെ ഇറാദത്തും ഹിക്മത്തും താൽപര്യപ്പെടുന്നതിനനുസരിച്ച് ശാപം വൈകിയേക്കും. എന്നാൽ, അല്ലാഹു അവന്ന് തൗബക്ക് അവസരം നൽകി അ



Generated by CamScanner from intsig.com

നുഗ്രഹിച്ചാൽ നാം മനസ്സിലാക്കണം. അവന്റെ ആ ശാപം ഇല്ലാതായിപ്പോയിട്ടുണ്ടെന്ന്. കാരണം; ശാപം കിട്ടുക എന്നുപറഞ്ഞാൽ, അല്ലാഹുവിന്റെ അനുഗ്രഹത്തിൽനിന്ന് ആട്ടിയോടിക്കപ്പെടുകയെന്നതാണ്. അല്ലാഹുവിലേക്ക് പശ്ചാതപിച്ച് മടങ്ങിയവൻ അല്ലാഹുവിന്റെ കാരുണ്യത്തിലായിരിക്കും.

ഇനി പറയാനുള്ളത്; അത്തരം കാര്യങ്ങളുടെ ശിക്ഷയെക്കുറിച്ച് അറിവില്ലാത്തവനാണെങ്കിൽ അവന്ന് മാപ്പുനൽകപ്പെടുമോ എന്ന ചോദ്യമാണ്.

ഒരു കാര്യം ഹറാമാണെന്ന് അറിഞ്ഞിരിക്കെ അതിന്റെ ശിക്ഷയെക്കുറിച്ച് അറിയില്ലെന്ന കാരണത്താൽ മാത്രം ശിക്ഷ- ഐഹികമായാലും പാരത്രികമായാലും- ഒഴിവാക്കപ്പെടുകയില്ല. ഇതാണ് ശിക്ഷയെന്ന് ഞാൻ അറിഞ്ഞിരുന്നെങ്കിൽ ഞാൻ ആ കുറ്റം ചെയ്യുമായിരുന്നില്ലെന്ന് ഒരാൾ പറയുന്നുവെന്നിരിക്കട്ടെ. എന്നാൽ, അത് ശിക്ഷയിൽനിന്നൊഴിവാക്കപ്പെടാനുള്ള ന്യായമല്ല. കാരണം, ഹറാമാണെന്ന് അവൻ അറിയുന്ന ഒരു കാര്യം അവൻ പ്രവർത്തിക്കുന്നതോടെത്തന്നെ ഹറാമിനെ പിച്ചിച്ചീന്തൽ നടന്നുകഴിഞ്ഞു. അതുകൊണ്ടു തന്നെ വ്യഭിചാരം ഹറാമാണെന്ന് അറിവുള്ള ഒരാൾ (ബുദ്ധിയുള്ള എല്ലാ മുസ്‌ലിംകൾക്കും അതറിയാം) വ്യഭിചരിച്ചുവെന്നിരിക്കട്ടെ. പക്ഷേ, ശിക്ഷ- ഉദാഹരണത്തിന് വിവാഹിതൻ വ്യഭിചരിച്ചാൽ എറിഞ്ഞുകൊല്ലപ്പെടലാണ് ശിക്ഷ എന്ന കാര്യം - അവന്നറിയില്ല. എറിഞ്ഞുകൊല്ലപ്പെടുകയെന്നതാണ് ശിക്ഷ എന്ന ആലോചനയില്ലാതെ ഒരാൾ വ്യഭിചരിച്ചുവെന്നിരിക്കട്ടെ. എന്നാൽ, അത

റിയില്ല എന്ന കാരണത്താൽ മാത്രം അവൻ ആ ശിക്ഷയിൽനിന്ന് ഒഴിവാക്കപ്പെടുകയില്ല. അവനിൽ ആ ശിക്ഷ നടപ്പിലാക്കപ്പെടുക തന്നെ ചെയ്യും.

റമസാനിന്റെ പകലിൽ നോമ്പു നിർബന്ധമായിരിക്കെ ഒരാൾ തന്റെ ഭാര്യയുമായി ലൈംഗിക ബന്ധം പുലർത്തിയെന്നിരിക്കട്ടെ. എന്നാൽ, ഒരടിമയെ മോചിപ്പിക്കുകയെന്നതാണ് അതിനുള്ള പ്രായശ്ചിത്തം. അത് കിട്ടാനില്ലെങ്കിൽ രണ്ടുമാസം തുടർച്ചയായി നോമ്പുപിടിക്കണം. അതിന് സാധ്യമല്ലെങ്കിൽ അറുപത് സാധുക്കൾക്ക് ഭക്ഷണം നൽകണം. ഇവ്വിധത്തിലാണ് അതിന്റെ പ്രായശ്ചിത്തം.

റമസാനിന്റെ പകലിൽ ഭാര്യയുമായി ലൈംഗിക ബന്ധം പുലർത്തിയ ഒരാൾ പറയുകയാണ്: ഇത്ര വലിയ പ്രായശ്ചിത്തം വേണ്ടിവരുമെന്ന് അറിഞ്ഞിരുന്നെങ്കിൽ ഞാൻ അതിന് മുതിരുമായിരുന്നില്ല എന്ന്. എന്നാൽ, അവന്റെ ഈ വാക്കു കൊണ്ട് വല്ല ഫലവുമുണ്ടോ? ഇല്ല. പ്രായശ്ചിത്തം എന്താണെന്ന് അറിയില്ലായിരുന്നു എന്ന കാരണത്താൽ മാത്രം അവന് ആ പ്രായശ്ചിത്തം ചെയ്യൽ നിർബന്ധമല്ലാതാവുന്നില്ല. അവൻ ആ പ്രായശ്ചിത്തം ചെയ്തേ മതിയാവൂ.

റമസാനിന്റെ പകലിൽ നോമ്പുകാരനായിരിക്കെ ഭാര്യയുമായി ലൈംഗിക ബന്ധം പുലർത്തിയ ഒരാൾ എന്തു ചെയ്യണമെന്നറിയാതെ നബി(സ)യുടെ അടുത്തു വന്ന് കാര്യം വിശദീകരിച്ചു. അപ്പോൾ നബി(സ) അയാൾക്ക് ഫത്‌വ നൽകിയത് 'പ്രായശ്ചിത്തമായി ഒരടിമയെ മോചിപ്പിക്കാനും അതിന്



സാധ്യമല്ലെങ്കിൽ 'തുടർച്ചയായി രണ്ടുമാസം നോമ്പനുഷ്ഠിക്കുവാനും അതിനും കഴിയില്ലെങ്കിൽ അറുപത് മിസ്കീൻമാർക്ക് ഭക്ഷണം കൊടുക്കാനുമായിരുന്നു.

ചുരുക്കത്തിൽ, ഒരു കാര്യം ഹറാമാണെന്ന് മനസ്സിലാക്കിയിട്ടുണ്ടെങ്കിൽ പിന്നെ അതിനുള്ള ശിക്ഷയെന്താണെന്ന് അറിയില്ലായിരുന്നു എന്ന കാരണം കൊണ്ടുമാത്രം അവനിൽ നിന്ന് ആ ശിക്ഷ ഒഴിവാക്കപ്പെടുകയില്ല.

***3. അസ്തഗ്ഫിറുല്ലാഹ് എന്ന് പറയുന്നവർക്കെല്ലാം അല്ലാഹു പൊറുത്തുകൊടുക്കുമോ?***

ഉ. നിഷ്കളങ്കമായ മനസ്സോടെ പാപമോചനം കിട്ടണമെന്ന സത്യസന്ധമായ ഉദ്ദേശ്യത്തോടെ ഒരാൾ അസ്തഗ്ഫിറുല്ലാഹ് എന്ന് പറയുകയും അവനിൽ തൗബയുടെ ഉപാധികൾ പൂർണമാവുകയും ചെയ്തിട്ടുണ്ടെങ്കിൽ അല്ലാഹു അവന്റെ പശ്ചാത്താപം സ്വീകരിക്കുന്നതാണ്. എന്നല്ല, അവനിൽനിന്ന് അല്ലാഹു അത് ഇഷ്ടപ്പെടുകയും ചെയ്യുന്നു. അല്ലാഹു പറയുന്നത് നോക്കുക.

﴿ إن الله يحب التوابين ويحب المتطهرين ﴾

*"തീർച്ചയായും അല്ലാഹു പശ്ചാത്തപിക്കുന്നവരെ ഇഷ്ടപ്പെടുന്നു. ശുചിത്വം പാലിക്കുന്നവരെയും ഇഷ്ടപ്പെടുന്നു."*

*(വിഖു. 2/222)*

നബി(സ) ഇപ്രകാരം പറയുകയുണ്ടായി

*'വാഹനമായ ഒട്ടകം നഷ്ടപ്പെട്ട് നിരാശനായി കഴിഞ്ഞുകൂടുന്ന ഒരു യാത്രികനെക്കുറിച്ചോർത്തുനോക്കൂ. തനിക്ക് കഴിക്കാനുള്ള ഭക്ഷണവും കുടിക്കാനുള്ള വെള്ളവുമൊക്കെ ആ വാഹനപ്പുറത്താണ്. അങ്ങനെ നിരാശനായി മരണം പ്രതീക്ഷിച്ചുകൊണ്ട് ഒരു മരച്ചുവട്ടിലിരിക്കെ അവൻ ഉറങ്ങിപ്പോയി. പെട്ടെന്ന് ഉണർന്നുനോക്കിയപ്പോൾ അടുത്തുള്ള മരത്തിൽ തന്റെ ഒട്ടകം ബന്ധിക്കപ്പെട്ടതായി അവൻ കാണുന്നു. ഉടനെ ഒട്ടകത്തിന്റെ മൂക്കുകയർ പിടിച്ചുകൊണ്ട് സന്തോഷാധിക്യത്താൽ അവൻ ഇങ്ങനെ തെറ്റായി പറഞ്ഞുപോയി:*

*'അല്ലാഹുവേ, നീ എന്റ് അടിമയും ഞാൻ നിന്റെ രക്ഷിതാവുമാണ്.'*

ഈ സന്തോഷത്തിന്റെ അളവു കണക്കാക്കാൻ ഇത്തരമൊരു വിപത്തിൽ പെട്ടവന്നല്ലാതെ കഴിയുകയില്ല.

തന്റെ ദാസൻ തന്നിലേക്ക് ഖേദിച്ചുമടങ്ങണമെന്നും അവനോട് പാപമോചനത്തിനായി പ്രാർത്ഥിക്കണമെന്നുമാണ് അല്ലാഹു താൽപര്യപ്പെടുന്നത്. ഇസ്തിഗ്ഫാർ (പാപമോചന പ്രാർത്ഥന) നടത്താൻ അല്ലാഹു തന്റെ ഗ്രന്ഥത്തിൽ വിവിധ വചനങ്ങളിലായി കൽപിച്ചിട്ടുണ്ട്. മഗ്ഫിറത്തിന് (പാപമോചനത്തിന്) അപേക്ഷിക്കുന്നതിന്നാണ് ഇസ്തിഗ്ഫാർ എന്ന് പറയുന്നത്. പാപം മറച്ചുവെക്കുകയും മാപ്പ് നൽകുകയും ചെയ്യുന്നതിന്നാണ് മഗ്ഫിറത്ത് എന്ന് പറയുന്നത്. യുദ്ധത്തിൽ തലക്ക് അമ്പുകൊള്ളാതിരിക്കാൻ വേണ്ടി മനുഷ്യൻ ഉപയോഗിക്കുന്ന കവചമാണ് മിഗ്ഫർ. മറച്ചുവെക്കുക, അതിനെ സംരക്ഷിക്കുക എന്നീ കാര്യങ്ങൾ അതിലുണ്ട്. മഗ്ഫിറത്(പാപമോചനം) എന്ന പദത്തിന്റെ നിഷ്പത്തി അതിൽനിന്നാണ്. മഗ്ഫിറത്ത് എന്നതിൽ പാപങ്ങളെ മറച്ചുവെക്കുക, അതിന്റെ ശിക്ഷയിൽ നിന്ന് രക്ഷ നൽകുക എന്നീ കാര്യങ്ങളടങ്ങിയിട്ടുണ്ട്.



***4. നമസ്കാരവും സൽക്കർമ്മങ്ങളും നിർവ്വഹിക്കുന്ന ഒരാൾ ഒരു മ്ലേച്ഛവൃത്തിയിൽ പെട്ടുപോയി. പിന്നീടവന് ഖേദമുണ്ടായി. അവൻ പശ്ചാതപിച്ചു മടങ്ങി. എന്നാൽ, അവന്റെ മനസ്സിനെ വിടാതെ പിടികൂടിക്കൊണ്ടിരിക്കുന്ന ഖേദത്തിന് വല്ല പ്രായശ്ചിത്തവും ചെയ്യേണ്ടതുണ്ടോ?***

ഉ. അവൻ യാതൊരു പ്രായശ്ചിത്തവും ചെയ്യേണ്ടതില്ല. നസ്വൂഹായ തൗബ അതിന് മുമ്പുള്ള തിന്മകളെ മുഴുവൻ തകർത്തുകളയുന്നതാണ്. അല്ലാഹു പറയുന്നത് നോക്കുക:

﴿والذين لا يدعون مع الله إلها آخر ولا يقتلون النفس التى حرم الله إلا بالحق ولا يزنون ومن يفعل ذلك يلق أثاما. يضاعف له العذاب يوم القيامة ويخلد فيه مهانا . إلا من تاب وآمن وعمل عملا صالحا فأولئك يبدل الله سيئاتهم حسنات، وكان الله غفورا رحيما.﴾

*"അല്ലാഹുവോടൊപ്പം വേറെയൊരു ദൈവത്തേയും വിളിച്ചു പ്രാർത്ഥിക്കാത്തവരും അല്ലാഹു പവിത്രമാക്കിവെച്ചിട്ടുള്ള ജീവനെ ന്യായമായ കാരണത്താലല്ലാതെ ഹനിച്ചുകളയാത്തവരും വ്യഭിചരിക്കാത്തവരുമാകുന്നു അവർ. ആ കാര്യങ്ങൾ വല്ലവനും ചെയ്യുന്ന പക്ഷം അവൻ പാപഫലം കണ്ടെത്തു*

*ക തന്നെ ചെയ്യും. ഉയിർത്തെഴുന്നേൽപിന്റെ നാളിൽ അവന്ന് ശിക്ഷ ഇരട്ടിയാക്കപ്പെടുകയും നിന്ദ്യനായിക്കൊണ്ട് അവൻ അതിൽ എന്നെന്നും കഴിച്ചുകൂട്ടുകയും ചെയ്യും. പശ്ചാതപിക്കുകയും വിശ്വസിക്കുകയും സൽകർമ്മം പ്രവർത്തിക്കുകയും ചെയ്തവരൊഴികെ. അത്തരക്കാർക്ക് അല്ലാഹു തങ്ങളുടെ തിന്മകൾക്ക് പകരം നന്മകൾ മാറ്റികൊടുക്കുന്നതാണ്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമായിരിക്കുന്നു."*

*(വി.ഖു. 25/68-70)*

അൽഹംദു ലില്ലാഹ്.....തൗബ അതിന്റെ മുമ്പുള്ള പാപങ്ങളെ തകർത്തുകളയുന്നതാണ്. നമുക്കെല്ലാം സത്യത്തിൽ അടിയുറച്ചുനിൽക്കാൻ അല്ലാഹു തൗഫീഖ് നൽകട്ടെ.

***5. എന്റെ അജ്ഞതയുടെ കാലത്ത് ഞാൻ മോഷ്ടിച്ച, ജനങ്ങളുടെ വസ്തുക്കൾ തിരിച്ചുനൽകാൻ എനിക്ക് കഴിയുകയില്ല. കാരണം, എനിക്ക് അവരെ അറിയില്ല. ജനങ്ങളുടെ അവകാശങ്ങൾ തിരിച്ചുനൽകേണ്ടത് തൗബയുടെ ഉപാധികളിലൊന്നാണല്ലോ. എന്താണതിന്ന് മാർഗം?***

ഉ. മോഷണത്തിലൂടെയോ മറ്റോ നീ ആരുടെ സ്വത്താണ് എടുത്തതെന്നോ അവരുടെ അനന്തിരാവകാശികൾ ആരെന്നോ നിനക്കറിയില്ലെങ്കിൽ ആ ബാധ്യതയിൽനിന്ന് മോചിതമാവണമെന്ന ഉദ്ദേശ്യത്തോടെ നീ അവർക്ക് വേണ്ടി ആ വസ്തുക്കൾ സ്വദഖ ചെയ്യുക. ആരുടേതാണെന്ന് അല്ലാഹുവിന്നറിയാം. അവൻ അവർക്ക് അതിന്റെ പേരിൽ പ്രതിഫലം നൽകുകയും ചെയ്യും.



***6. നീണ്ട മാസങ്ങളോളം ഞാൻ നമസ്കാരം ഉപേക്ഷിക്കുകയ[illegible]. എന്നാൽ ഇന്ന് ഞാൻ നസ്വൂഹായ തൗബചെയ്തിരിക്കയാണ്. എല്ലാ നമസ്കാരങ്ങളും അതിന്റെ കൃത്യമായ സമയത്ത് നേരായ രീതിയിൽ നിർവ്വഹിച്ചുപോരുന്നുണ്ട്. അതുപോലത്തന്നെ റമസാനിൽ ഞാൻ നോമ്പനുഷ്ഠിക്കാറുണ്ടായിരുന്നില്ല. പുറമെ ഞാൻ ധാരാളമായി പുകവലിക്കുകയും ചെയ്യുമായിരുന്നു. അൽഹംദു ലില്ലാഹ്. ഇത്തരം പാപങ്ങളിൽ നിന്നെല്ലാം ഇന്ന് ഞാൻ തൗബ ചെയ്തിരിക്കുയാണ്. മുമ്പ് ഞാൻ ഉപേക്ഷിച്ച നമസ്കാരം ഞാൻ ഖദാ വീട്ടേണ്ടതുണ്ടോ?***

ഉ. തൗബ ചെയ്യാനും നമസ്കാരം, നോമ്പ് തുടങ്ങിയ നിർബന്ധ ബാധ്യതകൾ നിറവേറ്റാനും അല്ലാഹു തൗഫീഖ് നൽകിയ ഈ സഹോദരനെ ഞാൻ ആദ്യമായി അനുമോദിക്കട്ടെ. അതിൽ അല്ലാഹു അവന്ന് സ്ഥൈര്യം നൽകട്ടെ. കൂടുതൽ നന്മയും ശ്രേഷ്ഠതയും അല്ലാഹു അവന്ന് നൽകട്ടെ. നമ്മേയും അവനേയും അല്ലാഹു ഈമാനോടുകൂടി മരിപ്പിക്കുകയും നബി(സ്വ)യുടെ അനുയായി വൃന്ദത്തിൽ ഒരുമിച്ചു കൂട്ടുകയും ചെയ്യട്ടെ.

എനിക്ക് അവനോട് പറയാനുള്ളത്; പാപങ്ങളിൽ നിന്ന് തൗബ ചെയ്തുകഴിഞ്ഞാൽ ആ തൗബ അതിന്റെ മുമ്പുള്ള പാപങ്ങളെ നശിപ്പിക്കുമെന്നാണ്. നമസ്കാരവും നോമ്പുമൊ

ക്കെ ഉപേക്ഷിച്ചതിൽനിന്ന് നീ തൗബ ചെയ്ത സ്ഥിതിക്ക് നിന്റെ തൗബ അതിന് മുമ്പുള്ള നിന്റെ പാപങ്ങളെ നശിപ്പിച്ചുകളയും. അതുമൂലം അല്ലാഹു നിനക്ക് മാപ്പ് നൽകുകയും ചെയ്യും.

അല്ലാഹു പറയുന്നത് നോക്കുക:

﴿ قل يا عبادى الذين أسرفوا على أنفسهم لا تقنطوا من رحمة الله إن الله يغفر الذنوب جميعا إنه هو الغفور الرحيم ﴾

*"പറയുക: സ്വന്തം ആത്മാക്കളോട് അതിക്രമം പ്രവർത്തിച്ചുപോയ എന്റെ ദാസന്മാരേ, അല്ലാഹുവിന്റെ കാരുണ്യത്തെപ്പറ്റി നിങ്ങൾ നിരാശരാകരുത്. തീർച്ചയായും അല്ലാഹു പാപങ്ങളെല്ലാം പൊറുക്കുന്നതാണ്. തീർച്ചയായും അവൻ തന്നെയാകുന്നു ഏറെ പൊറുക്കുവനും കരുണാനിധിയും."*

*(വി.ഖു. 39/53)*

മറ്റൊരിടത്ത് അല്ലാഹു പറയുന്നത് നോക്കുക:

﴿ والذين إذا فعلوا فاحشة أو ظلموا أنفسهم ذكروا الله فاستغفروا لذنوبهم ومن يغفر الذنوب إلا الله ولم يصروا على ما فعلوا وهم يعلمون. أولئك جزاؤهم مغفرة من ربهم وجنات تجرى من تحتها الأنهار خالدين فيها ونعم أجر العاملين. ﴾

*"വല്ല നീചകൃത്യവും ചെയ്തുപോയാൽ അഥവാ- സ്വന്തത്തോട് തന്നെ വല്ല ദ്രോഹവും ചെയ്തുപോയാൽ അല്ലാഹുവെ ഓർക്കുകയും തങ്ങളുടെ പാപങ്ങൾക്ക് മാപ്പുതേടുകയും ചെയ്യുന്നവർക്ക് വേണ്ടി- പാപങ്ങൾ പൊറുക്കുവാൻ അല്ലാഹുവല്ലാതെ ആരാണുള്ളത്? - ചെയ്തുപോയ(ദുഷ്)പ്രവൃത്തിയിൽ അറിഞ്ഞുകൊണ്ട് ഉറച്ചുനിൽക്കാത്തവരുമാകുന്നു അവർ. അത്തരക്കാർക്കുള്ള പ്രതിഫലം തങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള പാപമോചനവും താഴ്ഭാഗത്തുകൂടി അരുവികളൊഴുകുന്ന സ്വർഗത്തോപ്പുകളുമാകുന്നു. അവരതിൽ നിത്യവാസികളായിരിക്കും പ്രവർത്തിക്കുന്നവർക്ക് ലഭിക്കുന്ന പ്രതിഫലം എത്ര നന്നായിരിക്കുന്നു."* *(വി.ഖു. 3/135,136)*



ഇതിന്റെ അടിസ്ഥാനത്തിൽ, കഴിഞ്ഞ കാലത്ത് ഉപേക്ഷിച്ച നോമ്പും നമസ്കാരവും അവൻ ഖദാ വീട്ടേണ്ടതില്ല. മറിച്ച്, കൂടുതൽ സൽക്കർമങ്ങൾ ചെയ്യുകയും പാപമോചനവും ഇസ്തിഗ്ഫാറും നടത്തിക്കൊണ്ടിരിക്കുകയും വേണം. തൗബ ചെയ്തവന്റെ തൗബ അല്ലാഹു സ്വീകരിക്കും.

***7. പതിനഞ്ച് വയസ്സ് പ്രായമുള്ളപ്പോൾ ഒരാൾ മുസ്ഹഫിന്മേൽ കൈവെച്ച് ഒരു കള്ളസത്യം ചെയ്തു. പിന്നീട് പക്വത വന്നപ്പോൾ അവന്ന് അതേപ്പറ്റി ഖേദമുണ്ടായി. മതപരമായി താൻ ചെയ്തത് ഹറാമായ കാര്യമാണെന്ന് അവൻ മനസ്സിലാക്കി. എന്നാൽ, അവന്ന് വല്ല കുറ്റവുമുണ്ടോ? അവൻ വല്ല പ്രായശ്ചിത്തവും ചെയ്യേണ്ടതുണ്ടോ?***

ഉ. ഈ ചോദ്യത്തിൽ രണ്ട് പ്രശ്നങ്ങളുണ്ട്.

മുസ്ഹഫിന് മീതെ കൈവെച്ച് സത്യമുറപ്പിച്ചു എന്നതാ

ന് ഒന്. ഇതിന് നബിചര്യയിൽ എന്തെങ്കിലും അടിസ്ഥാന ുള്ളതായി എനിക്കറിയില്ല. അതുകൊണ്ടുതന്നെ അതിന് നിയ പ്രാബല്യമില്ല.

അറിഞ്ഞുകൊണ്ട് കള്ളസത്യം ചെയ്തുവെന്നതാണ് ര ണ്ടാമത്തെ പ്രശ്നം. അല്ലാഹുവിലേക്ക് തൗബചെയ്ത് മടങ്ങേ ു വലിയ കുറ്റമാണിത്. ചില പണ്ഡിതന്മാർ പറഞ്ഞിരിക്കുന്ന : ആഴ്ത്തിക്കളയുന്ന സത്യം (യമീനുൽ ഗമൂസ്) ആണത്. അ ് അതിന്റെ ഉടമയെ പാപത്തിലും പിന്നെ നരകത്തിലും ആഴ് ത്തിക്കളയുന്നു.

പ്രായപൂർത്തിക്ക് ശേഷം ഇത്തരമൊരു കള്ളസത്യം ചെയ്തവൻ അതുവഴി കുറ്റക്കാരനായി മാറും. അവൻ അല്ലാ ഹുവിലേക്ക് തൗബചെയ്ത് മടങ്ങേണ്ടതുണ്ട്. മറ്റ് പ്രായശ്ചി ത്തമൊന്നുമില്ല. ഭാവിയുമായി ബന്ധപ്പെടുത്തി ചെയ്യുന്ന സത്യ ങ്ങൾക്കാണ് പ്രായശ്ചിത്തമുള്ളത്. ഭൂതകാലവുമായി ബന്ധ ുള്ള സത്യത്തിന് പ്രായശ്ചിത്തമില്ല. പക്ഷേ, അതുവഴി അവൻ കുറ്റക്കാരനാവുമോ ഇല്ലേ എന്നതാണ് അവിടത്തെ പ്രശ്നം. ളവാണെന്ന് മനസ്സിലാക്കിക്കൊണ്ട് സത്യം ചെയ്തവൻ കുറ്റ ക്കാരനാവും. സത്യമാണെന്ന് മനസ്സിലാക്കുന്ന, സത്യമാണെ ് തനിക്ക് മികച്ച ധാരണയുള്ള കാര്യമാണതെങ്കിൽ അവൻ അതിന്റെ പേരിൽ കുറ്റക്കാരനാവുകയില്ല.

***8. സെക്കന്ററി സ്കൂളിൽ പഠിക്കുന്ന ഒരു വിദ്യാർത്ഥിയാ ണ് ഞാൻ. പ്രൈമറി- സെക്കന്ററി കാലയളവിൽ ഞാൻ കുറെ പുസ്തകങ്ങളും പഠനോപകരണങ്ങളുമൊക്കെ മോഷ്ടിച്ചി ട്ടുണ്ട്. ഇപ്പോൾ എനിക്ക് അല്ലാഹു സന്മാർഗം തുറന്നുതന്നിരി ക്കയാണ്. ഞാൻ എന്താണിപ്പോൾ ചെയ്യേണ്ടത്?***

ഉ. മരുന്നില്ലാത്ത ഒരു രോഗവും അല്ലാഹു ഇറക്കിയിട്ടില്ല. ശൈശവത്തിലും യൗവനത്തിലുമായി ധാരാളം ആളുകൾക്ക് സംഭവിക്കാറുള്ള ഈ രോഗത്തിന് മരുന്നുണ്ട്. നീ ഒരാളിൽ നിന്നോ ഒരു സ്ഥാപനത്തിൽ നിന്നോ വല്ല മോഷണവും നട ത്തിയിട്ടുണ്ടെങ്കിൽ, നീ അവരുമായി ബന്ധപ്പെടണം. എന്നിട്ട് അവരെ വിവരമറിയിക്കണം. എന്റെയടുത്ത് നിങ്ങളുടെ ഇത്ര യിത്ര പണമുണ്ട്....എന്ന് അവരോട് പറയുക. അവരുമായി സം സാരിച്ച് ഒരു ധാരണയിലെത്തുക. അതാണ് വേണ്ടത്.

എന്നാൽ, ചിലരെ സംബന്ധിച്ചേടത്തോളം ഇത് പ്രയാ സമായി വരും. മോഷണം നടത്തപ്പെട്ട വ്യക്തിയുടെ അടുത്തു പോയി, ഞാൻ താങ്കളിൽനിന്ന്......എടുത്തിട്ടുണ്ടെന്ന് തുറന്നുപ റയാൻ ചിലർക്ക് പ്രയാസമുണ്ടായിരിക്കും. അത്തരം സന്ദർഭ ങ്ങളിൽ അവൻ മറ്റു മാർഗേനെ ആ ധനം അതിന്റെ ഉടമക്ക് എത്തിച്ചുകൊടുക്കണം. ഉദാഹരണത്തിന് മോഷണം നടത്ത പ്പെട്ട വ്യക്തിയുടെ ഒരു സ്നേഹിതനേയോ കൂട്ടുകാരനേയോ പ്രശ്നം അറിയിച്ച് ധനം അയാളെ ഏൽപ്പിക്കുക. എന്നിട്ട് അത് ഉടമക്ക് എത്തിച്ചുകൊടുക്കാൻ പറയുക. അയാളോട് തന്റെ കഥ പറഞ്ഞുകൊടുക്കുക. താൻ ഇപ്പോൾ പശ്ചാത്തപിച്ചുകഴി ഞ്ഞിട്ടുണ്ടെന്നും അയാളെ അറിയിക്കുക. അയാൾ അത് അവ ന് എത്തിച്ചുകൊടുത്തേക്കും. ഇങ്ങനെചെയ്താൽ കാര്യം എ ളുപ്പമായി. അല്ലാഹു പറയുന്നു:

﴿ ومن يتق الله يجعل له مخرجا ﴾

*അല്ലാഹുവെ വല്ലവനും സൂക്ഷിക്കുന്നപക്ഷം അല്ലാഹു അവന്നൊരു പോംവഴി ഉണ്ടാക്കിക്കൊടുക്കുകയും....ചെയ്യും.* (വി.ഖു. 65/2)

വീണ്ടും അല്ലാഹു പറയുന്നു:

﴿ ومن يتق الله يجعل له من أمره يسرا ﴾

*"വല്ലവനും അല്ലാഹുവെ സൂക്ഷിക്കുന്നപക്ഷം അവന്ന് അവന്റെ കാര്യത്തിൽ അല്ലാഹു എളുപ്പമുണ്ടാക്കിക്കൊടുക്കുന്നതാണ്."* (വി.ഖു. 65/4)

നീ ആരിൽ നിന്നാണ് എടുത്തതെന്നോ അവൻ എവിടെയാണെന്നോ ഇപ്പോൾ നിനക്കറിയില്ലെങ്കിൽ അത് കൂടുതൽ എളുപ്പമാണ്. നീ മോഷ്ടിച്ച ധനം അതിന്റെ ഉടമക്ക് വേണ്ടി (എന്ന ഉദ്ദേശ്യത്തോടെ) നീ സ്വദഖ ചെയ്യുക. അപ്പോൾ നീ അതിന്റെ ബാധ്യതയിൽനിന്നൊഴിവാകും.

വിഡ്ഢിത്തത്തിന്റേയോ ബോധക്കുറവിന്റേയോ അവസ്ഥയിൽ മനുഷ്യൻ ചിലപ്പോൾ കളവുനടത്തും. കളവിന്റെ ഗൗരവത്തെക്കുറിച്ച് ചിന്തിക്കുകയില്ല. പിന്നീട് അവന്ന് അല്ലാഹു ഹിദായത്ത് നൽകുമ്പോൾ അതിൽനിന്ന് മോചിതനാവാൻ വേണ്ടി വിഷമിക്കും. അത്തരം കാര്യങ്ങളിൽ നിന്ന് അകന്നു നിൽക്കാൻ മനുഷ്യനെ നിർബന്ധിക്കുന്നതാണ് ഇവിടെ ചോദ്യകർത്താവ് പറഞ്ഞ ഈ അനുഭവ കഥ.



**ചോ. ഒരാൾ ഒരു പാപത്തിൽ നിന്ന് തൗബചെയ്തു. പിന്നീടതിലേക്ക് തന്നെ പല തവണ മടങ്ങി. പിന്നീട് വീണ്ടും പല തവണ തൗബ ചെയ്തു. അതിന് ശേഷം അല്ലാഹു അവന്ന് നിഷ്കളങ്കമായ തൗബ കൊണ്ട് അനുഗ്രഹിച്ചു. പിന്നീടവൻ ആ തെറ്റിലേക്ക് മടങ്ങിയിട്ടില്ല. ഇതേക്കുറിച്ച മതവിധിയെന്താണ്?**

ഉ. ഇവിടെ പറഞ്ഞ പാപിയുടെ എല്ലാ തൗബയും ശരിയാണ്. കാരണം അവൻ തെറ്റ് ചെയ്യുമ്പോഴെല്ലാം അല്ലാഹുവിലേക്ക് ഖേദിച്ചുമടങ്ങുകയും തൗബയുടെ ഉപാധികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ അവന്റെ തൗബ സ്വീകരിക്കാൻ അല്ലാഹു ഏറ്റിരിക്കുന്നു. എന്നാൽ പിന്നീടൊരിക്കൽ കൂടി അവന്റെ മനസ്സ് തെറ്റിന് പ്രേരിപ്പിക്കുകയും തെറ്റ് ചെയ്യുകയും ചെയ്താൽ അവൻ വീണ്ടും തൗബ ചെയ്യട്ടെ. അങ്ങനെ മൂന്നും നാലും....തവണ. അല്ലാഹുവിന്റെ വചനമാണിതിന് തെളിവ്.

﴿ قل يا عبادي الذين أسرفوا على أنفسهم لا تقنطوا من رحمة الله إن الله يغفر الذنوب جميعا إنه هو الغفور الرحيم ﴾

*"പറയുക: സ്വന്തം ആത്മാക്കളോട് അതിക്രമം പ്രവർത്തിച്ചുപോയ എന്റെ ദാസന്മാരേ, അല്ലാഹുവിന്റെ കാരുണ്യത്തെപ്പറ്റി നിങ്ങൾ നിരാശരാകരുത്. തീർച്ചയായും അല്ലാഹു പാപങ്ങളെല്ലാം പൊറുക്കുന്നതാണ്. തീർച്ചയായും അവൻ ത*



Generated by CamScanner from intsig.com

*ന്നെയാകുന്നു ഏറെ പൊറുക്കുന്നവനും കരുണാനിധിയും.''*

*(വി.ഖു. 39/53)*

എന്നാൽ, മുഖ്യമായ വിഷയം ആ തൗബ സത്യസന്ധമായിരിക്കണമെന്നാണ്. ആ തെറ്റിലേക്ക് വീണ്ടും മടങ്ങിപ്പോവുകയില്ലെന്ന് അവൻ ദൃഢനിശ്ചയം ചെയ്യുകയും വേണം. അല്ലാതെ മനസ്സ് ചാഞ്ചാടിക്കൊണ്ടിരിക്കുന്നവന്റെ കാര്യമല്ല ഇവിടെ പറഞ്ഞത്. വീണ്ടും തെറ്റിലേക്ക് തിരിച്ചുപോവണമെന്ന നിയ്യത്തോടെ ചെയ്യുന്ന തൗബ ശരിയായ തൗബയല്ല. ശരിയായ തൗബയാവുകയും വീണ്ടും ആ തെറ്റിലേക്ക് മടങ്ങുകയില്ലെന്ന് ദൃഢനിശ്ചയമുണ്ടാവുകയും ചെയ്തിരിക്കെ, അവൻ വീണ്ടും ആ തെറ്റിലേക്ക് മടങ്ങിയാൽ അവന്റെ നേരത്തെ ചെയ്ത തൗബ നഷ്ടമാവുന്നില്ല. അത് ശരിയായിരിക്കും. തെറ്റ് ചെയ്യുമ്പോഴെല്ലാം തൗബ ചെയ്താൽ ആ തൗബ അല്ലാഹു സ്വീകരിക്കും.